# Malayala Manorama
# 28 August 2018
# Idukki, Chembalam, Landslide



ചേമ്പളത്ത് കോഴിമല ബിനുവിന്റെ പുരയിടത്തിൽ കുളം സ്ഥിതി ചെയ്തിരുന്ന സ്ഥലം കൂറ്റൻ പാറ വീണു മൂടിയ നിലയിൽ.

## കൂറ്റൻ പാറ വന്നു വീണു, ജീവിതത്തിനു മീതെ

**ഉരുൾപൊട്ടലിൽ വന്നുവീണ കൂറ്റൻ പാറ നിറഞ്ഞുകിടക്കുന്നത് ഏതാണ്ട് എട്ടു സെന്റ് സ്ഥലത്ത്**

**സന്ധ്യ ഗ്രേസ്**

ചേമ്പളം (ഇടുക്കി) ● പറക്കുംതളിക പോലെയാണ് ആ കൂറ്റൻ കല്ല് മലയിൽ നിന്നു കുത്തിയൊലിച്ച ഉരുളിനൊപ്പം തെന്നിത്തെന്നി ഇറങ്ങിയത്. പിന്നെ വശങ്ങളിലെ മൺതിട്ടയിലിടിച്ച് നേരെ പറന്നുചെന്നതു കുളത്തിനു നേരെ. മോട്ടോർ പുരയുടെ മേൽക്കൂര ഇടിച്ചുതെറിപ്പിച്ച കല്ല് കുളത്തിനു മേലെ അമർന്നു.

മോട്ടോറും മേൽക്കൂരയും തെറിച്ചുവീണത് 50 അടി ദൂരെ റോഡിൽ.

നെടുങ്കണ്ടത്തിനടുത്തു ചേമ്പളം- ഞാവള്ളിപ്പടി റോഡിൽ കോഴിമല ബിനുവിന്റെ പുരയിടത്തിലുള്ള 20 അടിയിലേറെ നീളവും വീതിയുമുള്ള കുളമാണു കല്ലിൽ അമർന്ന് ഇല്ലാതായത്.

പുരയിടത്തിലെ ഏതാണ്ട് എട്ടു സെന്റ് സ്ഥലത്ത്, പൊട്ടിച്ചു നീക്കാൻ പോലും വയ്യാത്ത തരത്തിൽ ഈ കൂറ്റൻ പാറ നിറഞ്ഞിരിക്കുകയാണ്.

ഇതോടെ ശുദ്ധജലത്തിനുള്ള വഴിയും മുട്ടി. ബിനുവിന്റെ ഒന്നര ഏക്കർ സ്ഥലവും നശിച്ചു.

**ഉള്ളിലെ വെള്ളം മണ്ണിനെ പുറന്തള്ളുന്ന പ്രതിഭാസം**

● വെള്ളം പുറത്തേക്കു പോകാൻ കഴിയാതെവരുമ്പോൾ മണ്ണിനെ ശക്തിയോടെ പുറത്തേക്കു തള്ളുന്ന 'എർത്ത് ഫ്ലോ 'പ്രതിഭാസമാണ് ഇടുക്കിയിലെ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും വിള്ളലുകൾക്കും കാരണമെന്നു ജിയോളജിസ്റ്റ് ഡോ. ബി. അജയകുമാർ.

മുൻവർഷങ്ങളിൽ ശരാശരി 1850 മില്ലീമീറ്റർ മഴ ലഭിച്ച സ്ഥാനത്ത് ഈ വർഷം ലഭിച്ചത് 3555 മില്ലീമീറ്റർ മഴ. മണ്ണിലേക്ക് ആഴത്തിലിറങ്ങിയ മഴവെള്ളം പാറയും മണ്ണും ഉൾപ്പെടെ പുറത്തേക്കു കുത്തിയൊഴുക്കുകയായിരുന്നു.